TB Weekly Review

**#moviepanel**

KGF CHAPTER 2

Written By Arjun Anand

കോവിഡാനന്തര ഇന്ത്യൻ സിനിമലോകവും പ്രേക്ഷകരും ചർച്ച ചെയ്യുന്നത് പാൻ ഇന്ത്യൻ ചിത്രങ്ങളെക്കുറിച്ചാണ്... ഒരു ചിത്രം ഭാഷ ദേശ ഭേദമന്യേ എല്ലാവർക്കും സ്വീകാര്യമാകുമ്പോൾ ആണ് അതിനു പാൻ ഇന്ത്യൻ പദവി /സ്ഥാനം ലഭിക്കുന്നത്...പ്രധാനമായും 2 കാര്യങ്ങൾ കൊണ്ടാണ് ഒരു ചിത്രം, മുഴുവൻ രാജ്യത്തിന്റെയും ശ്രദ്ധ നേടുന്നത്..ഒന്ന് ചിത്രത്തിന്റെ ഉള്ളടക്കം കൊണ്ടും, മറ്റൊന്ന് ചിത്രത്തിന്റെ ക്യാൻവാസിന്റെ വലിപ്പവും മേക്കിങ്ങിലെ വൈവിദ്ധ്യതയും ആകർഷണീയതയും കൊണ്ടും... ഒരുപാട് പറഞ്ഞു പഴകിയ ഗ്യാങ്സ്റ്റർ കഥയുമായെത്തിയ കെ ജി എഫ് ഇന്ത്യയൊട്ടാകെ ഉള്ള ജനങ്ങളുടെ ഇഷ്ടം പിടിച്ചുപറ്റിയത് പുതുമയുള്ള പശ്ചാത്തലവും അതിന്റെ അവതരണത്തിലെ വ്യത്യസ്തതയും കൊണ്ടു തന്നെയാണ്...

ഒന്നാം ഭാഗം എവിടെ അവസാനിച്ചുവോ അവിടെ നിന്നു തന്നെ ആണ് രണ്ടാം ഭാഗം ആരംഭിച്ചിരിക്കുന്നത്.. ഗരുഡയെ വകവരുത്തിയ ആ രാത്രിക്ക് ശേഷം കെ ജി എഫിന്റെ അടുത്ത അധിപനായുള്ള റോക്കിയുടെ രംഗപ്രവേശം മുതൽ സംഭവബഹുലം ആണ് ചിത്രം... എതിരാളികളായി രമികയും ധീരയും അടങ്ങുന്ന ശത്രുക്കളുടെ വലിയൊരു നിര കൂടി അണിനിരക്കുന്നത്തോടെ ഒരു വെടിക്കെട്ടിനാണ് പ്രശാന്ത് നീൽ തിരി കൊളുത്തി വീട്ടിരിക്കുന്നത്..രോമാഞ്ചം ഉണർത്തുന്ന ഒട്ടനവധി രംഗങ്ങളാൽ സമ്പന്നം ആണ് ചിത്രം... പാർലമെന്റ് മന്ദിരത്തിലെ രംഗങ്ങളും, പോലീസ് സ്റ്റേഷൻ രംഗവും, റോക്കിയുടെ പടയും ധീരയും പടയും ഏറ്റുമുട്ടുന്ന ഒരു സുപ്രധാന രംഗവും ഒക്കെ മാസിന്റെ ഉച്ചകോടിയിലാണ് പ്രേക്ഷകനെ കൊണ്ടുപോയി നിർത്തുന്നത്...

ഒരുപക്ഷെ ഇന്ത്യൻ സിനിമ ചരിത്രത്തിൽ മുൻപെങ്ങും ഉണ്ടായിട്ടില്ലാത്ത വിധം ഒരു സിനിമയുടെ പേരിന് ഇത്രയധികം ആരാധകർ ഉണ്ടാവുന്നത് ഇതാദ്യമാവും.. അഗ്നിയിൽ എരിയുന്ന അക്ഷരങ്ങളാൽ കെ ജി എഫ് എന്ന് തിരശീലയിൽ തെളിയുമ്പോൾ തീയേറ്റർ ഒന്നാകെ പ്രകമ്പനം കൊള്ളും വിധം ആരവങ്ങൾ ഉയരുന്നത് അതിനു തെളിവാണ്... അത്രയ്ക്ക് ആഴത്തിൽ പ്രേക്ഷക ഹൃദയത്തിലേയ്ക്ക് പതിഞ്ഞിട്ടുണ്ട് കെ ജി എഫും റോക്കിയും...അതുകൊണ്ട് തന്നെ ആണ് സാധാരണക്കാരനായ ഒരു മനുഷ്യനെകൊണ്ട് സാമാന്യയുക്തിക്കു നിരക്കാത്ത പല കാര്യങ്ങളും ചെയ്യിപ്പിച്ചിട്ടും അതൊന്നും വകവെക്കാതെ പ്രേക്ഷകർ തീയേറ്ററിൽ

ആർപ്പ് വിളിക്കുന്നതും ചിത്രം ഒരു വൻ വിജയമാക്കി തീർത്തതും... പോരായ്മകൾ ഉണ്ടെങ്കിലും പ്രേക്ഷകനെ അതൊന്നും ചിന്തിക്കാൻ അനുവദിക്കാതെ ഒരോ രംഗത്തിലും ആവേശം ജനിപ്പിക്കും വിധമാണ് പ്രശാന്ത് നീൽ കെ ജി ഫ് ചാപ്റ്റർ 2 ഒരുക്കിയിരിക്കുന്നത്.... റോക്കി എന്ന് കേട്ടാൽ എത്ര അഗാധമായ ഉറക്കത്തിലും ചുറ്റികയും ചുമലിൽ വച്ചു നിൽക്കുന്ന യഷ് ന്റെ രൂപം മനസ്സിൽ തെളിയാത്ത ഒരു സിനിമപ്രേമിയും ഇന്ത്യയിൽ ഉണ്ടാവില്ല... അത്രത്തോളം അയാൾ ആ കഥാപാത്രത്തോട് ഇഴുകി ചേർന്നിട്ടുണ്ട്...റോക്കിയോടൊപ്പം അയാളിലെ താരവും ഭാഷയുടെ അതിർവരമ്പുകൾ ഭേദിച്ചു വളർന്നു കഴിഞ്ഞു.. അത് തന്നെ ആണ് ഇനി മുന്നോട്ടുള്ള കരിയറിൽ അയാൾ നേരിടാൻ പോകുന്ന വെല്ലുവിളിയും...

ധീരയായി അസാമാന്യ സ്ക്രീൻ പ്രെസെൻസും പ്രകടനവും കാഴ്ചവച്ചിരിക്കുന്നത് സഞ്ജയ് ദത്ത് ആണ്... ധീരയുടെ രംഗപ്രേവേശം മുതൽ അയാൾ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന രംഗങ്ങളിൽ എല്ലാം തന്നെ സഞ്ജയ് ദത്തിന്റെ സാന്നിധ്യം നൽകുന്ന ഊർജ്ജം ചില്ലറയല്ല... റോക്കിയെ തളയ്ക്കാൻ കഴിയുന്ന അതി ശക്തയായ എതിരാളിയായി രവീണ ടണ്ടൺ മിന്നുന്ന പ്രകടനം ആണ് കാഴ്ചവച്ചിരിക്കുന്നത്...കെ ജി എഫ് ഒന്നാം ഭാഗത്തിലെയും രണ്ടാം ഭാഗത്തിന്റെ ആദ്യപകുതിയിലെയും പേരിനൊരു നായിക എന്നതിൽ നിന്നും വിഭിന്നമായി ശ്രീനിധി ഷെട്ടി അവതരിപ്പിക്കുന്ന റീനയ്ക്ക് പ്രേക്ഷകനുമായി വൈകാരികമായ ഒരു ബന്ധം സൃഷ്ടിക്കുവാൻ രണ്ടാം പകുതിയിൽ കഴിയുന്നുണ്ട്...സി ബി ഐ ഉദ്യോഗസ്ഥനായ രാഘവൻ ആയി മികച്ച പ്രകടനം കാഴ്ച വച്ചിരിക്കുന്നത് റാവു രമേശ് ആണ്...ആദ്യ ഭാഗത്തിൽ റോക്കിയുടെ കഥ അതിമനോഹരമായി പ്രേക്ഷകനോട് വിവരിച്ചിരുന്ന ആനന്ദിന്റെ മകനായ വിജയന്ദ്ര ആണ് ഇക്കുറി കഥ വിവരിക്കുന്നത്...വിജയന്ദ്ര എന്ന കഥാപാത്രം പ്രകാശ് രാജ് മോശമാക്കിയില്ല എങ്കിലും ആനന്ദിന്റെ അസാന്നിധ്യം പ്രേക്ഷകരെ നിരാശരാക്കുന്നുണ്ട്..

കന്നഡ പതിപ്പിന്റെ വീര്യവും മേന്മയും ഒട്ടും ചോർന്നുപോകാതെ ഇതര ഭാഷകളിലേക്ക് മൊഴിമാറ്റിയപ്പോൾ കഥാപാത്രങ്ങൾക്ക് ശബ്ദം ആയവരെ തീർച്ചയായും അഭിനന്ദിക്കേണ്ടതുണ്ട്... ചെറിയ ചില ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും മനോഹരമായി തന്നെ അവർ തങ്ങളുടെ ജോലി നിർവഹിച്ചിട്ടുണ്ട്.. ബഹുബലിക്കും കൊമരം ഭീമിനും എല്ലാം ശബ്ദം നൽകിയ അരുൺ ആണ് രണ്ടാം ഭാഗത്തിലും റോക്കിയെ കൊണ്ട് മലയാളം സംസാരിപ്പിച്ചത്... തമിഴിൽ പ്രകാശ് രാജിന്റെ സംഭാഷണങ്ങൾ മികച്ചു നിന്നപ്പോൾ തമിഴ് കലർന്ന മലയാളം ഉച്ഛാരണം മലയാള പരിഭാഷയിൽ അല്പം കല്ലുകടിയായി.. രമിക ആയെത്തിയ രവീണയ്ക്ക് അതിമനോഹരമായി ശബ്ദം നൽകിയത് ലെന ആണ്.. ആ കഥാപാത്രത്തിന്റെ ഡബ്ബിങ് തമിഴിനെക്കാൾ നന്നായി അനുഭവപ്പെട്ടത് മലയാളത്തിൽ ആണ്.. ധീരയുടെ ശബ്ദം കൂടുതൽ അനുയോജ്യവും

ഭീതിതവുമായി അനുഭവപ്പെട്ടത് തമിഴിൽ ആണ്....

ഓരോ രംഗവും അർഹിക്കുന്നതിലും ഔനത്ത്യത്തിൽ എത്തിക്കുവാൻ ചായഗ്രാഹകനും സംഗീതവിഭാഗവും വഹിച്ച പങ്ക് വളരെ വലുതാണ്..ഛായാഗ്രഹണം ഭുവൻ ഗൗഡയും സംഗീതം രവി ബസ്രൂരും ആണ്...ചിത്രം എഡിറ്റ് ചെയ്യിരിക്കുന്നത് പത്തൊൻപത് വയസ്സ് മാത്രം പ്രായം ഉള്ള ഉജ്ജ്വൽ എന്നൊരു പയ്യൻ ആണെന്നുള്ളത് ആണ് "കെ ജി എഫ് വേൾഡിലെ " മറ്റൊരു അദ്ഭുതം...കാർ ചെയ്സിങ് രംഗങ്ങളിലെ ആവർത്തിച്ചു വരുന്ന സ്ക്രീൻ ബ്ലാക്ക്ഔട്ട് ഉൾപ്പടെ ഉള്ള ചുരുക്കം ചില കല്ലുകടികൾ ഒഴിച്ചു നിർത്തിയാൽ ഉജ്ജ്വൽ തന്റെ ജോലി മനോഹരമായി തന്നെ നിർവഹിച്ചിട്ടുണ്ട്...

കെ ജി എഫ് പോലെ ഉള്ള ചിത്രങ്ങൾ ഇന്ത്യൻ സിനിമയിൽ വല്ലപ്പോഴും സംഭവിക്കുന്നതാണ്... ചില രംഗങ്ങളിലെ മോശം വി എഫ് എക്സ് ഉൾപ്പടെ ഉള്ള പോരായ്മകൾ ഉണ്ടെങ്കിലും നിർബന്ധമായും തീയേറ്റർ കാഴ്ച നൽകുന്ന ആവേശം അനുഭവിച്ചറിയേണ്ടുന്ന ചിത്രമാണ് കെ ജി എഫ് 2....തീയേറ്ററിൽ കാണാതെ ഒ ടി ടി ക്കായി കാണാതിരുന്നാൽ ഒരുപക്ഷെ നഷ്ടം ആവുന്നത് മികച്ച ഒരു തീയേറ്റർ ആസ്വാദനം ആയിരിക്കും...

കെ ജി എഫ് ചാപ്റ്റർ 2ന് ടിക്കറ്റ് എടുക്കുന്നതിനു മുൻപ് ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുണ്ട്... ആദ്യഭാഗം കണ്ടപ്പോൾ ഒരു താടിക്കാരൻ ചുമ്മാ നിന്നു ചുറ്റിക വീശി പത്തു നൂറു പേരെ കൊല്ലുന്ന ഗുണ്ടാപ്പടം എന്നാണ് തോന്നിയതെങ്കിൽ കെ ജി എഫ് ചാപ്റ്റർ 2 നിങ്ങൾ ഒഴിവാക്കുക.. കാരണം ഇത് നിങ്ങൾക്ക് ഒരു താടിക്കാരൻ നിന്നു വിഷുവിനു പടക്കം പൊട്ടിക്കുന്നത് പോലെ തുരു തുരാന്നു വെടി വയ്ക്കുന്നതായേ തോന്നൂ...